**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിന് മതിയായ തുക കേന്ദ്രസർക്കാർ മാറ്റിവയ്ക്കാത്തതു മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിവിധ ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുവാൻ ആവശ്യമായ തുകയുടെ നിശ്ചിത ശതമാനം തുക, സർവീസ് റോഡുകൾ നിർമ്മിക്കാനാവശ്യമായ തുക തുടങ്ങിയവ സംസ്ഥാന വിഹിതമായി നൽകണമെന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെടുന്നുണ്ട്.നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നിവ വേണ്ട എന്ന് വയ്ക്കണം എന്നും ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയപാത അതോറിറ്റി മുന്നോട്ട് വച്ച ആവശ്യങ്ങളിൽ സംസ്ഥാനം അംഗീകരിച്ചവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) | തിരുവനന്തപുരം - അങ്കമാലി ഗ്രീൻഫീൽഡ്പാത നിലവിൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ല. എന്ന് NHAI അറിയിച്ചിട്ടുണ്ട്. |
| (സി) | കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), അങ്കമാലി-കുണ്ടന്നൂർ (ദേശീയപാത 544) എന്നീ റോഡുകളുടെ നിർമ്മാണം കേന്ദ്രസർക്കാരിന്റെ നിബന്ധനകളാൽ തടസ്സപ്പെടുന്നതിനുള്ള സാധ്യതയുണ്ടോ; | (സി) | കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), അങ്കമാലി-കുണ്ടന്നൂർ (ദേശീയപാത 544) എന്നീ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതവും, റോയൽറ്റിയും വേണ്ട എന്ന് വച്ചിട്ടുണ്ട്. ഈ ഇനത്തിൽ സംസ്ഥാനത്തിന് ഏകദേശം 741.35 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും.<br><br>കൊല്ലം-ചെങ്കോട്ട (ദേശീയപാത 744), അങ്കമാലി-കുണ്ടന്നൂർ (ദേശീയപാത 544) എന്നീ റോഡുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട (ദേശീയപാത 744) അലൈൻമെന്റ് വനം വകുപ്പ് അംഗീകരിക്കാത്തതിനാൽ 3D നോട്ടിഫിക്കേഷൻ താൽകാലികമായി നിർത്തി വച്ചിരിക്കുകയാണ്. വനഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് Miligation Plan വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്ലാനിന് അംഗീകാരം ലഭിക്കുകയും, അലൈൻമെന്റിന് വനം വകുപ്പ് അംഗീകാരം നൽകുകയും ചെയ്യുന്ന മുറയ്ക്ക് കൊല്ലം ചെങ്കോട്ട ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള 3D നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന സാഹചര്യത്തിലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പോലുള്ള വികസന പദ്ധതികൾക്ക് ആവശ്യമായ അനുബന്ധ റോഡ് വികസന പദ്ധതികൾക്കായി പരിഗണനയിലുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><th>ക്രമം</th><th>ദേശീയപാതയുടെ പേര്</th><th>സംസ്ഥാന വിഹിതം ( കോടി രൂപ)</th></tr>
<tr><td>1</td><td>ദേശീയപാത 66</td><td>ദേശീയപാത 66 ന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% കിഫ്ബി മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,കിഫ്ബി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ എന്നീ കക്ഷികൾ തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുകയും, സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റിക്ക് ഇതുവരെ 5580,73,80,071/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്</td></tr>
<tr><td>2</td><td>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്</td><td>റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.
<table>
<tr><td>റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%</td><td>930.41 കോടി രൂപ</td></tr>
<tr><td>സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക</td><td>477.33 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം</td><td>210.63 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി</td><td>10.87 കോടി രൂപ</td></tr>
<tr><td>ആകെ</td><td>1629.24 കോടി രൂപ</td></tr>
</table></td></tr>
<tr><td>3</td><td>കൊല്ലം ചെങ്കോട്ട ദേശീയപാത 744</td><td>സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം വേണ്ട എന്ന് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 317.35 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു.
<table>
<tr><td>നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം</td><td>173.7 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി</td><td>143.65 കോടി രൂപ</td></tr>
<tr><td>ആകെ</td><td>317.35 കോടി</td></tr>
</table></td></tr>
</table>

<table>
<tr><td></td><td></td><td><table><tr><td></td><td>രൂപ</td></tr></table></td></tr>
<tr><td>4</td><td>എറണാകുളം ബൈപാസ്(ദേശീയപാത 544)</td><td>സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 424 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു.<br><br><table>
<tr><td>നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം</td><td>254.40 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി</td><td>169.60 കോടി രൂപ</td></tr>
<tr><td>ആകെ</td><td>424 കോടി രൂപ</td></tr>
</table></td></tr>
<tr><td>5</td><td>ദേശീയപാത 966</td><td>ഒപ്പ് വച്ച ത്രികക്ഷി കരാർ പ്രകാരം ഭൂമി ഏറ്റെടുക്കലിനുള്ള സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ട 13,19,65,44,922/- രൂപ നൽകുന്ന വിഷയം സംസ്ഥാന സർക്കാർ പരിശോധിച്ച് വരുന്നു.</td></tr>
</table>